**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3625** **12-03-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ സർവ്വകലാശാലകളുടെ കടന്നുവരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾ കടന്നുവരുമ്പോൾ പൊതു സർവ്വകലാശാലകൾ ഏതൊക്കെ തരത്തിലുള്ള വെല്ലുവിളികൾ നേരിടാൻ സാധ്യതയുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തു സ്വകാര്യ സർവകലാശാല അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത്. നിലവിൽ രാജ്യത്തെ 27 സംസ്ഥാനങ്ങളിലായി 502 സ്വകാര്യ സർവ്വകലാശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങളെ കുറിച്ചും കേരളത്തിന്റെ പ്രത്യേക സാഹചര്യവും ഗൗരവമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ നീതിയും, സർക്കാരിന്റെ നിയന്ത്രണാധികാരവും stakeholders ന്റെ അവകാശങ്ങളും ഉറപ്പ് വരുത്തിയും, ഏറ്റവും മെച്ചപ്പെട്ടതും ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിന് ആവശ്യമായ എല്ലാ സാധ്യതകളും ഉറപ്പ് വരുത്തിയുമാണ് സ്വകാര്യ സർവകലാശാല അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത്.<br><br>സംസ്ഥാനത്തെ പൊതു സർവകലാശാലകളെല്ലാം തന്നെ റാങ്കിങ്, അക്രഡിറ്റേഷൻ രംഗത്തും മറ്റു മേഖലകളിലും അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ് ഇപ്പോഴുള്ളത്. അതുകൊണ്ടുതന്നെ സ്വകാര്യ മേഖലയിലെ സർവ്വകലാശാലകളോട് ആരോഗ്യകരമായ മത്സരം നടത്താനുള്ള ശേഷി നമ്മുടെ പൊതു സർവശാലകൾക്കുണ്ടെന്നു ഉറപ്പു വരുത്തിക്കൊണ്ടാണ് ഈ ഘട്ടത്തിൽ സ്വകാര്യ സർവകലാശാല ആരംഭിക്കാനുള്ള നടപടികളിലേക്ക് സർക്കാർ പ്രവേശിച്ചത്. |
| (ബി) | സ്വകാര്യ സർവ്വകലാശാലകൾ അനുവദിക്കുന്ന സാഹചര്യത്തിൽ പൊതു സർവ്വകലാശാലകളുടെ കാര്യക്ഷമതയും കാലികമായ പരിഷ്കരണവും ഉറപ്പാക്കുന്നതിനായി സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സ്വകാര്യ സർവകലാശാല ബില്ലിനോടൊപ്പം അവതരിപ്പിക്കുന്ന സർവകലാശാല നിയമ പരിഷ്കരണ ഭേദഗതി ബില്ലുകൾ പൊതു സർവകലാശാലകളുടെ വളർച്ച ഉറപ്പു വരുത്തുന്ന രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്. സേവന രംഗത്തെ പോരായ്മകളും അക്കാഡമിക് രംഗത്തെ |

| | | | | |
|---|---|---|---|---|
| | | | | മാറ്റങ്ങൾക്കൊട്ടുക്കുന്ന കാലതാമസവും, ഗവേഷണ രംഗത്തെ മുരടിപ്പും, പഴഞ്ചൻ നിയമങ്ങൾ സൃഷ്ടിക്കുന്ന തടസ്സങ്ങളും പൂർണമായും ഇല്ലാതാക്കി പൊതു സർവകലാശാലകൾക്ക് ഒരു പുതിയ മുഖം നൽകുന്നതിന് ഇതിനകം സാധിച്ചിട്ടുണ്ട്.<br><br>പൊതുസർവ്വകലാശാലകളെ ശാക്തീകരിയ്ക്കാൻ ഉള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികരത്തിൽ വന്ന ഉടനെ തന്നെ സർവ്വകലാശാലകളുടെ കാലിക പരിഷ്കരണം സംബന്ധിച്ച് പഠിക്കാൻ 3 കമ്മീഷനുകള നിയമിച്ചു. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായ ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, പ്രൊഫ. സി.ടി. അരവിന്ദകുമാർ അദ്ധ്യക്ഷനായ പരീക്ഷാ പരിഷ്കരണ കമ്മീഷൻ, പ്രൊഫ. എൻ.കെ. ജയകുമാർ അദ്ധ്യക്ഷനായ സർവ്വകലാശാലാ നിയമ പരിഷ്കരണ കമ്മീഷൻ എന്നിവ സമർപ്പിച്ച റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ ഭൂരിഭാഗവും നടപ്പിലാക്കി കഴിഞ്ഞു. ഇതിന്റെ ഭാഗമായി ചരിത്രത്തിലാ ദ്യമായി ഒരു സമഗ്ര കരിക്കുലം ചട്ടക്കൂട് രൂപീകരിച്ച് സർവ്വകലാശാലകൾക്ക് നൽകി. അതിന്റെ വെളിച്ചത്തിൽ സർവ്വകലശാലകൾ കരിക്കുലത്തിലും സിലബസിലും സമഗ്രമായ മാറ്റങ്ങൾ വരുത്തി. തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള വിടവ് നികത്തുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു. ഒരു ഏകീകൃത കലണ്ടർ തയ്യാറാക്കി പരീക്ഷ, ഫല പ്രഖ്യാപനം, മാർക്ക് ലിസ്റ്റ് വിതരണം എന്നിവ സർവ്വകലാശാലകൾ സമയ ബന്ധിതമായി നടപ്പാക്കുന്നുണ്ട്. അടിസ്ഥാന സൗകര്യവികസന മുൾപ്പെടെ സർവ്വകലാശാലകൾക്ക് 6000 ത്തിലധികം കോടി രൂപയുടെ ധനസഹായം നൽകി.<br><br>സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസത്തിന് കുതിപ്പേകുന്നതിന്റെ ഭാഗമായി നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിൽ വരുത്തിക്കഴിഞ്ഞു. ഗവേഷണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഏഴ് സെന്റർ ഓഫ് എക്സലൻസ് ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രോഗ്രാമുകളും കോഴ്സുകളും കാലോചിതമായി പരിഷ്കരിക്കാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. Industry Academic linkage ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി Industry at campus, സ്കിൽ പാർക്കുകൾ പോലെയുള്ള പദ്ധതികൾ കേരളത്തിലെ കോളേജുകളിൽ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പൊതു സർവ്വകലാശാലകളുടെ ധനകാര്യ സംഘാടനവും പരിഷ്കരണവും പഠന വിധേയമാക്കുന്നതിനായി സർക്കാരിന്റെ പരിഗണനയിലുള്ള പഠന റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മിഷന്റെ റിപ്പോർട്ട് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>(https://www.kshec.kerala.gov.in/images/pdf/HIGHER_EDUCATION_REFORMS COMMISSION_REPORT.pdf) |

സെക്ഷൻ ഓഫീസർ